25.12.2024
ബുധനാഴ്ച



കോഴിക്കോടിന്റെ
എം.ടി.
PAGE
07

MATHRUBHUMI THE NATIONAL DAILY IN MALAYALAM
# മാതൃഭൂമി

mathrubhumi.com /mathrubhumidotcom /mathrubhumi

# SPECIAL E-PAPER

PAGES-11

1933-2024

# വിട

എം.ടി



ജീവിതമെന്ന
വലിയ നുണ
മരണമെന്ന
വലിയ സത്യം

- സുകൃതം (എം.ടി )

നടക്കാതെപോയ
സംരംഭങ്ങൾ...
PAGE
04



ഓർമ്മയിൽ ആ
സൗഹൃദത്തെളിച്ചം...
PAGE
09



## എം.ടി. വാസുദേവൻ നായർ (91)

- ഭാവനകൊണ്ടും തൂലികകൊണ്ടും മലയാളത്തിന്റെ തലമുറകളെ വസന്തമനുഭവിപ്പിച്ച എഴുത്തുകാരൻ
- അന്ത്യം കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ
- തൂലികത്തലപ്പുകൊണ്ട് കഥാവിസ്മയം തീർത്ത മലയാളത്തിന്റെ പ്രിയപ്പെട്ട എം.ടി.ക്ക് വിട. കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കേയായിരുന്നു അന്ത്യം
- പത്രാധിപർ, ചലച്ചിത്രകാരൻ, നാടകകൃത്ത്, പംക്തികാരൻ, സാഹിത്യസംഘാടകൻ എന്നിങ്ങനെ കൈവെച്ച മേഖലകളിലെല്ലാം സുവർണമുദ്ര പതിപ്പിച്ച ആ യുഗം ഇനി ഓർമ്മ. മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പത്രാധിപരായി അദ്ദേഹം നൽകിയ സംഭാവന കൾ മലയാളസാഹിത്യത്തിൽ പുതുവഴികൾ വെട്ടി
- പാലക്കാട് കൂടല്ലൂരിൽ 1933 ജൂലായ് 15-ന് കർക്കടകത്തിലെ ഉത്രട്ടാതി നാളിലാണ് പുന്നയൂർക്കുളം ടി. നാരായണൻ നായർ അമ്മാളു അമ്മ ദമ്പതിമാരുടെ മകനായി മാടത്ത് തെക്കേപ്പാട്ട് വാസുദേവൻ നായർ ജനിച്ചത്. പദ്മഭൂഷൺ, ജ്ഞാനപീഠം, ചലച്ചിത്രരംഗത്തെ മികവിന് രാഷ്ട്രപതിയുടെ സ്വർണപ്പതക്കം തുടങ്ങിയ പുരസ്കാരങ്ങൾ അദ്ദേഹത്തിന്റെ കഥാജീവിതത്തിന് മാറ്റുകൂട്ടി
- പ്രശസ്തനർത്തകി കലാമണ്ഡലം സരസ്വതിയാണ് ഭാര്യ
- ആദ്യഭാര്യ പ്രമീള നായർ 1999-ൽ മരിച്ചു. മക്കൾ: സിതാര (ജോൺസൺ ആൻഡ് ജോൺസൺ ഗ്ലോബൽ വൈസ് പ്രസിഡന്റ് -എൻഡ് യൂസർ സർവീസസ് ആൻഡ് സർവീസ്, അമേരിക്ക), നർത്തകിയായ അശ്വതി ശ്രീകാന്ത് (നൃത്യാലയ, കോഴിക്കോട്). മരുമക്കൾ: സഞ്ജയ് ഗിർമെ, എൻ. ശ്രീകാന്ത് (നർത്തകൻ)
- സഹോദരങ്ങൾ: ഗോവിന്ദൻനായർ, നാരായണൻ നായർ, പരേതനായ ബാലകൃഷ്ണൻ നായർ

# 1933 - 2024
## എം.ടി.യുടെ ജീവിതചക്രം



**1933** ജൂലായ് 15-ന് കർക്കടകത്തിലെ ഉത്രട്ടാതി നാളിൽ പാലക്കാട് കൂടല്ലൂരിൽ ജനനം. മുഴുവൻപേര് മാടത്ത് തെക്കേപ്പാട്ട് വാസുദേവൻ നായർ. പുന്നയൂർക്കുളം ടി. നാരായണൻ നായർ-അമ്മാളു അമ്മ ദമ്പതിമാരുടെ മകൻ.

**1948** കൂടല്ലൂരിൽ കോപ്പൻമാസ്റ്ററുടെ കുടിപ്പള്ളിക്കൂടം, മലമക്കാവ് എലിമെന്ററി സ്കൂൾ, കുമരനല്ലൂർ ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു പഠനം. 1948-ൽ ഒന്നാംക്ലാസോടെ പത്താംക്ലാസ് പാസായി. പഠിക്കാൻ മിടുക്കനായിരുന്നെങ്കിലും വീട്ടിലെ ദാരിദ്ര്യംകാരണം പത്തുകഴിഞ്ഞ് ഒരുകൊല്ലം വെറുതേയിരുന്നു

**1949** പാലക്കാട് വിക്ടോറിയ കോളേജിൽ ചേർന്നു.

**1953** രസതന്ത്രം മുഖ്യവിഷയമായി ബി.എസ്‌സി. ജയിച്ചു. ബിരുദവിദ്യാർഥിയായിരിക്കേ 'രക്തംപുരണ്ട മൺതരികൾ' എന്ന ആദ്യ കഥാസമാഹാരം പുറത്തിറക്കി

**1954** ന്യൂയോർക്ക് ഹെറാൾഡ് ട്രിബ്യൂൺ സംഘടിപ്പിച്ച ലോക ചെറുകഥാമത്സരത്തിന്റെ ഭാഗമായി 1954-ൽ മാതൃഭൂമി നടത്തിയ കഥാമത്സരത്തിൽ 'വളർത്തുമൃഗങ്ങൾ' എന്ന ചെറുകഥ ഒന്നാംസ്ഥാനം നേടി. അതോടെ സാഹിത്യരംഗത്ത് ശ്രദ്ധേയനായി

**1955** പാലക്കാട് എം.ബി. ട്യൂട്ടോറിയലിലും അധ്യാപകനായി. പട്ടാമ്പി ബോർഡ് സ്കൂളിൽ 69 രൂപ മാസശമ്പളത്തിൽ അധ്യാപകനായി ജോലിയിൽ പ്രവേശിച്ച അദ്ദേഹം, ചാവക്കാട് ബോർഡ് സ്കൂളിലും കണക്ക് അധ്യാപകനായി

**1957** മാതൃഭൂമി ആഴ്ചപ്പതിപ്പിൽ സബ് എഡിറ്ററായി ചേർന്നു. ആദ്യനോവലായ 'പാതിരാവും പകൽവെളിച്ചവും' ഖണ്ഡശ്ശഃ പുറത്തുവന്നതും ഈ കാലത്താണ്. നാലുകെട്ടാണ് പുസ്തകരൂപത്തിൽ പുറത്തുവന്ന ആദ്യനോവൽ. ഇതിന് കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു

**1964 1965** സ്വന്തം കഥയായ 'മുറപ്പെണ്ണി'ന് തിരക്കഥയെഴുതി സിനിമാരംഗത്ത് ആദ്യ ചുവട്. അൻപതിലേറെ ചിത്രങ്ങൾക്ക് തിരക്കഥയെഴുതി. നാലുതവണ മികച്ച തിരക്കഥയ്ക്കുള്ള ദേശീയ പുരസ്കാരം ലഭിച്ചു

**1968** ആഴ്ചപ്പതിപ്പിന്റെ പത്രാധിപരായി. എം.ടി. പത്രാധിപരായിരിക്കേയാണ് ആധുനികതാപ്രസ്ഥാനത്തിന്റെ വളർച്ച അടയാളപ്പെടുത്തിയ ഒട്ടേറെ രചനകൾ ആഴ്ചപ്പതിപ്പിലൂടെ പുറത്തുവന്നത്. മലയാളസാഹിത്യത്തെ നിരന്തരം നവീകരിക്കാൻ എം.ടി.ക്കുകഴിഞ്ഞു

**1970** കാലം' എന്ന നോവലിന് 1970-ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു

**1973** എം.ടി. സംവിധാനംചെയ്ത 'നിർമാല്യ'ത്തിന് മികച്ച സിനിമയ്ക്കുള്ള രാഷ്ട്രപതിയുടെ സ്വർണപ്പതക്കം ലഭിച്ചു

**1981** 13 വർഷത്തെ സേവനത്തിനൊടുവിൽ പത്രാധിപസ്ഥാനമൊഴിഞ്ഞു

**1984** 'രണ്ടാമൂഴ'ത്തിലൂടെ വയലാർ അവാർഡിന് അർഹനായി

**1989** പീരിയോഡിക്കൽസ് എഡിറ്ററായി വീണ്ടും മാതൃഭൂമിയിൽ

**1992** തുഞ്ചൻ സ്മാരകസമിതി ചെയർമാനായ എം.ടി. തിരൂരിൽ ഭാഷാചാര്യനായ തുഞ്ചത്താചാര്യന് ഉചിതമായ സ്മാരകം പണിയുന്നതിൽ നേതൃപരമായ പങ്കുവഹിച്ചു

**1995** സാഹിത്യത്തിനുള്ള ജ്ഞാനപീഠം ലഭിച്ചു. കേരളസാഹിത്യ അക്കാദമിയുടെ അധ്യക്ഷസ്ഥാനത്തെത്തി

**1996** കാലിക്കറ്റ് സർവകലാശാല ഡി.ലിറ്റ് നൽകി ആദരിച്ചു

**1999** മാതൃഭൂമിയിൽനിന്ന് വിരമിച്ചു

**2005** പദ്മഭൂഷൺ നൽകി രാഷ്ട്രം അദ്ദേഹത്തെ ആദരിച്ചു

**2011** എഴുത്തച്ഛൻ അവാർഡ് ലഭിച്ചു.

**2005** മാതൃഭൂമി സാഹിത്യപുരസ്കാരം നൽകി എം.ടി.യെ ആദരിച്ചു

**2022** കേരളസർക്കാർ പ്രഥമ കേരളജ്യോതി പുരസ്കാരം നൽകി ആദരിച്ചു

**2024** ഡിസംബർ 25 മരണം

## തിരക്കഥകൾ

- പകൽക്കിനാവ്
- ഇരുട്ടിന്റെ ആത്മാവ്
- നഗരമേ നന്ദി
- അസുരവിത്ത്
- ഓളവും തീരവും
- കുട്ട്യേടത്തി
- ബന്ധനം
- ഏകാകിനി
- ഇടവഴിയിലെ പൂച്ച മിണ്ടാപ്പൂച്ച
- വിൽക്കാനുണ്ട് സ്വപ്നങ്ങൾ
- ഓപ്പോൾ
- വളർത്തുമൃഗങ്ങൾ
- വാരിക്കുഴി
- മഞ്ഞ്
- ആൾക്കൂട്ടത്തിൽ തനിയെ
- നഖക്ഷതങ്ങൾ
- പഞ്ചാഗ്നി
- അമൃതം ഗമയ
- ഋതുഭേദം
- ആരണ്യകം
- വൈശാലി
- ഒരു വടക്കൻ വീരഗാഥ
- താഴ്വാരം
- പെരുന്തച്ചൻ
- കടവ്
- പരിണയം
- സുകൃതം
- ഒരു ചെറുപുഞ്ചിരി
- തീർഥാടനം
- പഴശ്ശിരാജ

## സംവിധാനം

- നിർമാല്യം
- ബന്ധനം
- വാരിക്കുഴി
- മഞ്ഞ്
- കടവ്
- ഒരു ചെറുപുഞ്ചിരി

## ഒരേയൊരു എം.ടി., പലഭാഷകൾ

എം.ടി.യുടെ മിക്ക രചനകൾക്കും ഇംഗ്ലീഷുൾപ്പെടെയുള്ള ഭാഷകളിൽ പരിഭാഷകളുണ്ടായിട്ടുണ്ട്. നാലുകെട്ടിന് ഇംഗ്ലീഷിലും ഒട്ടേറെ ഇന്ത്യൻ ഭാഷകളിലും മൊഴിമാറ്റങ്ങളുണ്ടായി. കാലം തമിഴ്, തെലുങ്ക്, കന്നഡ എന്നിവയിലും മഞ്ഞ് ഇംഗ്ലീഷിലും ഹിന്ദിയിലും ബംഗാളിയിലും പുറത്തിറങ്ങി. അസുരവിത്തിന്റെ ഇംഗ്ലീഷ് പരിഭാഷ കേരള സാഹിത്യ അക്കാദമി പുറത്തിറക്കി. പുണെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗമായിരുന്ന അദ്ദേഹം 1968 മുതൽ നാലുകൊല്ലം അവിടെ തിരക്കഥയെപ്പറ്റി ക്ലാസെടുത്തിരുന്നു.

കാലത്തിന്റെ വറ്റിയ പ്രവാഹത്തിന്റെ
തീരത്തിൽ അവസാനം,
ഞാൻ തിരിച്ചെത്തിയിരിക്കുന്നു
**(കാലം, നോവൽ -1969)**





തസര വാസുദേവനും നടൻ മാമുക്കോയയും എം.ടി.ക്കൊപ്പം (ഫയൽ ചിത്രം)

# നടക്കാതെപോയ **സംരംഭങ്ങൾ...**

എം.ടി.യുടെ മാനേജരായും സുഹൃത്തായും ബിസിനസ് പങ്കാളിയായും വളർന്ന ദൃഢബന്ധത്തിന്റെ ഓർമ്മകൾ സുഹൃത്ത് വി. വാസുദേവൻ പങ്കുവെയ്ക്കുന്നു

എം.ടി.യുടെ മാനേജരായും സുഹൃത്തായും ബിസിനസ് പങ്കാളിയായും വളർന്ന ദൃഢബന്ധത്തിന്റെ ഓർമ്മകളം ബേപ്പൂർ തസര നെയ്ത്തുകേന്ദ്രത്തിന്റെ പൂമുഖത്തിരുന്ന് നെയ്യെടുക്കുകയാണ് സുഹൃത്ത് വി. വാസുദേവൻ. കിഴക്കേ നടക്കാവിൽ തെക്കേപ്പാട്ട് മെഡിക്കൽസ് എന്ന പേരിൽ എം.ടി.യൊരു ഇംഗ്ലീഷ് മരുന്നുശാല തുടങ്ങിയെങ്കിലും പ്രതീക്ഷിച്ച വരുമാനം വന്നില്ല. ഇതിനിടെയാണ് ഒരു സായാഹ്നപത്രവും കോഴിക്കോട് ആസ്ഥാനമാക്കിയൊരു ഫിലിം ഇൻസ്റ്റിറ്റ്യൂട്ടും ആരംഭിക്കാനുള്ള ആഗ്രഹം എഴുത്തുകാരനായ ബിസിനസുകാരന്റെ മനസ്സിൽ മുളപൊട്ടിയത്. ഇതിനായി ഗുരുവായൂരപ്പൻ കോളേജിൽ ഇംഗ്ലീഷ് പ്രൊഫസറായിരുന്ന സേതുമാധവൻ വഴി എം.ടി.യുമായി ആദ്യം കണ്ടുമുട്ടി -തസര വാസുദേവൻ പറഞ്ഞുതുടങ്ങി:

“സ്വകാര്യ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് എന്ന ആശയത്തിനൊപ്പംചേരാൻ വാസുദേവൻ തീരുമാനിച്ചു. അബ്ദുറഹിമാൻ സാഹിബിന്റെ അൽ-അമീൻ പത്രത്തിന്റെ ഉടമസ്ഥതയിൽ കോഴിക്കോട് ലിങ്ക് റോഡിൽ ഒരു വലിയ പ്രസ് ഉണ്ടായിരുന്നു. ഇവിടെ സായാഹ്നപത്രം ആരംഭിക്കാനായിരുന്നു തീരുമാനം. ദിനവും എം.ടി. ഇവിടേക്കെത്തിയാലേ കാര്യങ്ങളം മുന്നോട്ടുപോവുകയുള്ളൂവെന്ന തന്റെ പിടിവാശിക്കുമുന്നിൽ അദ്ദേഹം സമ്മതം മൂളി. അതോടെ എം.ടി.ക്കും തനിക്കും പ്രസിൽ ഓഫീസൊരുക്കി. പിന്നീട് മിക്കദിവസങ്ങളിലും എം.ടി.ക്കൊപ്പമായിരുന്നു ഉച്ചഭക്ഷണം കഴിച്ചിരുന്നതെന്ന് വാസുദേവൻ ഓർക്കുന്നു.

ഒരുവർഷം കഴിഞ്ഞിട്ടും സായാഹ്നപത്രമാരംഭിക്കുന്ന പ്രവർത്തനങ്ങളൊന്നും നടക്കാതെവന്നതോടെ തിരികെ തസരയിലേക്ക് പോവുകയാണെന്ന് എം.ടി.യെ അറിയിച്ചു. അങ്ങനെയാണെങ്കിൽ ഒരുമിച്ചൊരു പുസ്തകപ്രസിദ്ധീകരണശാല ആരംഭിച്ച് മുന്നോട്ടുപോവാമെന്ന ആശയം എം.ടി. പങ്കുവെച്ചു. സ്ത്രീകളം സംരംഭകരായാൽ ആനുകൂല്യങ്ങളം ഒട്ടേറെയായതിനാൽ എന്റെ അമ്മയെയും എം.ടി.യുടെ ഭാര്യയെയും സഹോദരന്റെ മകളെയും ജില്ലാവ്യവസായകേന്ദ്രത്തിലെ അച്യുതൻ നായരുടെ ഭാര്യയെയും ചേർത്ത് ‘വിദ്യാരംഭം’ എന്ന പേരിൽ ഒരു ബുക്ക് ട്രസ്റ്റ് ആരംഭിക്കുകയും ചെയ്തു. അതിനായി തസരയുടെ മുൻവശത്ത് കെട്ടിടത്തിന് തറക്കല്ലിട്ടെങ്കിലും ആ ഉദ്യമം വെളിച്ചംകണ്ടില്ല. ബിസിനസ് പങ്കാളിത്തം ഒഴിവായെങ്കിലും ഇരുവരും നല്ലസുഹൃത്തുക്കളായിത്തന്നെ തുടർന്നു. അതിനുശേഷം തസര നെയ്ത്തുകേന്ദ്രത്തിൽ ‘കലാസൂത്ര’ നെയ്ത്തുത്സവം നടക്കുമ്പോഴം പതിവായി ക്ഷണിക്കാനായി ചെല്ലാറുണ്ട്.





എം.ടി.യും മോഹൻലാലും



രാഹുൽഗാന്ധിക്കൊപ്പം



ആലങ്കോട് ലീലാകൃഷ്ണനും എം.ടി.യും

കാലത്തിന്റെ പാറക്കെട്ടുകളിൽ മഞ്ഞുവീഴുന്നു, ഉരുകുന്നു, വീണ്ടും മഞ്ഞിൻപടലങ്ങൾ തണുത്തുറഞ്ഞു കട്ടപിടിക്കുന്നു. നാമെല്ലാം കാത്തിരിക്കുന്നു
(മഞ്ഞ്, നോവൽ-1964 )





# വൻമരങ്ങൾ വീഴാതിരിക്കണം

എം.ടി. രവീന്ദ്രൻ

'അറിയാത്ത മഹാസമുദ്രങ്ങളെ തേടുന്നതിനെക്കാൾ എനിക്കിഷ്ടം അറിയുന്ന എന്റെ നിളയെക്കുറിച്ച് എഴുതാനാണ്.' എന്ന് നിളയോര ഗ്രാമമായ കൂടല്ലൂരിന്റെ പുണ്യമായിപ്പിറന്ന വിഖ്യാത എഴുത്തുകാരൻ എം.ടി. എവിടെയോ ഒരിക്കൽ പറഞ്ഞിട്ടുണ്ട്. 'മാതൃഭൂമി ബുക്സ്' പ്രസിദ്ധീകരിച്ച ഇ.പി. രാജഗോപാലിന്റെ 'വായനക്കാരനായ എം.ടി' എന്ന കൃതിയുടെ മൂന്നാം ഭാഗത്തിൽ എം.എൻ. കാരശ്ശേരി എഴുതിയ എം.ടി.യുടെ ജീവിതരേഖയിൽ എം.ടി.യുടെ പ്രശസ്തമായ ഈ വെളിപ്പെടുത്തൽ അനുസ്മരിച്ചിട്ടുണ്ട്.

എം.ടി.യുടെ ജന്മദേശം കാണാൻ ദൂരദേശങ്ങളിൽനിന്ന് കൂടല്ലൂരിലെത്തുന്ന എം.ടി.യുടെ വായനക്കാരും ആരാധകരും എം.ടി. ഈ ഗ്രാമത്തിൽ അല്ല താമസിക്കുന്നതെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് എത്തുന്നത്.

തലമുറകൾക്കതീതമായി ആരാധകരുള്ള എഴുത്തുകാരന്റെ നാടുംവീടും അന്വേഷിക്കുന്നവരോട് 'എം.ടി. ഇവിടെയല്ല താമസിക്കുന്നത്' എന്ന് പറയുന്ന നാട്ടുകാരോട് അവർ പറയും: ''ഞങ്ങൾക്കറിയാം. എം.ടി.യുടെ ഭൂരിഭാഗം കഥകളും നോവലുകളും ഈ ഗ്രാമത്തിന്റെ പശ്ചാത്തലത്തിലാണല്ലോ രചിക്കപ്പെട്ടിട്ടുള്ളത്. എം.ടി. പണ്ട് നടന്നുപോയ വഴികളിലൂടെ ഞങ്ങൾ ഒന്ന് നടന്നോട്ടെ, എം.ടി. ശ്വസിച്ച കാറ്റും കണ്ട ആകാശവും ഇവിടെത്തന്നെയല്ലേ?'' ഈ പുഴയ്ക്ക് അക്കരെ ഞങ്ങളുടെ ജന്മരക്തത്തിൽ അലിഞ്ഞ ഒരു വിശ്വാസം കൂടിയാണ് 'കൊടിക്കുന്നത്തമ്മ'.

കൊടിക്കുന്നത്ത് ഭഗവതി ഞങ്ങൾക്ക് കൊടിക്കുന്നത്തമ്മയാണ്. ഇരുതല മുട്ടിനിന്ന നിറപുഴയിൽ തോണി വിലങ്ങാത്ത ഒരുനാളിൽ പാൽ കൊടിക്കുന്നത്തു കൊണ്ട്പോയി വിറ്റ് ഉപജീവനം കഴിച്ചിരുന്ന ഒരു പഴയ തലമുറയിലെ മുത്തശ്ശിയുണ്ടായിരുന്നു. കുട്ടികൾക്ക് അത്താഴം കൊടുക്കാതെ ഉറക്കിയ മുത്തശ്ശിയെ ആരോ വാതിലിൽ തട്ടി വിളിച്ചു.



ഓട്ടുരുളിയിൽ നിവേദ്യച്ചോറ് കൊണ്ടുവന്ന് കുട്ടികളെ വിളിച്ചുണർത്തി ചോറ് കൊടുക്കാൻ പറഞ്ഞ ആ അമ്മ മച്ചിൽ കയറി അപ്രത്യക്ഷമായി എന്നാണ് ഐതിഹ്യം. പുരോഗമന കലാ സാഹിത്യസംഘത്തിന്റെ ഒരു സമ്മേളനത്തിൽ യുവാവായിരുന്ന എം.ടി. പണ്ടൊരിക്കൽ പ്രസംഗിച്ചിട്ടുണ്ടത്രേ. 'ദൈവമില്ലെന്നു ഞാൻ വിശ്വസിച്ചാലും കൊടിക്കുന്നത്ത് ഭഗവതി ഇല്ല'' എന്ന് എനിക്ക് വിശ്വസിക്കാനാവില്ല എന്ന്.

ഞാൻ പണ്ടൊരിക്കൽ എഴുതിയിട്ടുണ്ട് എം.ടി. എനിക്ക് ദൈവതുല്യനായ മനുഷ്യനാണ്. എം.ടി. എന്ന പ്രതിഭാസമ്പന്നൻ എന്റെ വലിയമ്മയുടെ നാലാമത്തെ പുത്രനും മക്കളിൽ ഏറ്റവും ഇളയവനുമാണ്. എന്റെ തലമുറയിൽപ്പെട്ടവർക്ക് അദ്ദേഹം 'ഉണ്ണിയേട്ടൻ' ആണ്. പുറകിൽ നടന്നുവന്ന തലമുറയ്ക്ക് 'ഉണ്ണിമാമ'യാണ്.

അവസാനവർഷ ബിരുദപരീക്ഷ എഴുതിക്കൊണ്ടിരിക്കുമ്പോഴാണ് എം.ടി.യുടെ അമ്മ മരിക്കുന്നത്. പരീക്ഷ കഴിയുന്നതുവരെ ജ്യേഷ്ഠന്മാർ അനിയനെ അമ്മയുടെ മരണവാർത്ത അറിയിച്ചിട്ടില്ലെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. മകൻ എഴുത്തിന്റെ വഴിയിലൂടെ സഞ്ചരിച്ച് പ്രശസ്തിയുടെ കൊടുമുടി കയറി കാണാനൊന്നും വല്യമ്മയ്ക്ക് ഭാഗ്യമുണ്ടായില്ല.

എം.ടി.യുടെ അമ്മയുടെ ഒരേയൊരു അനിയത്തിയായ എന്റെ അമ്മയ്ക്ക് വാസുവിന്റെ പേരും പെരുമയും അനുഭവിച്ചറിയാൻ ഭാഗ്യമുണ്ടായി. 'മാടത്ത് തെക്കേപ്പാട്ട് വീട്' അന്വേഷിച്ചറിഞ്ഞ് ആളുകൾ എത്തിയിരുന്നത് എഴുത്തുകാരൻ പിറന്ന തറവാട് കാണാനാണ്. ഒരു വൻമരത്തിന്റെ തണലിലാണല്ലോ എന്ന് ഞങ്ങൾ ആ തണലും കുളിർമയും അനുഭവിച്ചറിയുമ്പോഴൊക്കെ പലപ്പോഴും ആലോചിച്ചിട്ടുണ്ട്. ഈ വൻമരം വീണുകഴിയുമ്പോൾ ആ ശൂന്യതയെക്കുറിച്ച് ഞങ്ങൾ ചിന്തിച്ചിട്ടുണ്ട്. തണലും കുളിർമയും നഷ്ടപ്പെട്ടു പൊരിവെയിലിൽ നിൽക്കേണ്ടിവരുന്ന ഒരു അവസ്ഥയെക്കുറിച്ചോർത്ത് നടുങ്ങിയിട്ടുണ്ട്.

*(എം.ടി. വാസുദേവൻ നായരുടെ മാതൃസഹോദരീ പുത്രനാണ് ലേഖകൻ)*

**ഈ വൻമരം വീണുകഴിയുമ്പോൾ ആ ശൂന്യതയെക്കുറിച്ച് ഞങ്ങൾ ചിന്തിച്ചിട്ടുണ്ട്. തണലും കുളിർമയും നഷ്ടപ്പെട്ടു പൊരിവെയിലിൽ നിൽക്കേണ്ടിവരുന്ന ഒരു അവസ്ഥയെ കുറിച്ചോർത്ത് നടുങ്ങിയിട്ടുണ്ട്**



നമുക്കിനി ഭൂതകാലമില്ല. ഓർമ്മകളും പ്രതീക്ഷകളും
മായ്ച്ചുകളഞ്ഞാൽ അചഞ്ചലമാകുന്നു,
സ്ഫടികശുദ്ധമാവുന്നു
**(രണ്ടാമൂഴം-1984)**








# ഒരു ചെറുപുഞ്ചിരി

**കെ. കെ. സന്തോഷ്**

2006-ലെ മാതൃഭൂമി സാഹിത്യപുരസ്കാരം എം.ടി. വാസുദേവൻ നായർക്കായിരുന്നു, പുരസ്കാരം പ്രഖ്യാപിച്ച അന്ന് വൈകീട്ട് ന്യൂസ് എഡിറ്റർ സുരേഷ് ബാബുവേട്ടൻ എന്നെ വിളിച്ചു: "എം.ടി.യുടെ കുറെ ചിത്രങ്ങൾ നമ്മുടെ ലൈബ്രറിയിലുണ്ട്, പക്ഷേ, എം.ടി. നേരേനോക്കി ചിരിക്കുന്ന ഭംഗിയുള്ള ഒരു ഫോട്ടോ വേണം ഒന്നാംപേജിലെ വാർത്തയ്ക്കൊപ്പം. ഒരു ചിത്രം പോയി എടുക്കാമോ." ആദ്യം ഒന്നു പരുങ്ങിയെങ്കിലും ഞാനിറങ്ങി. ഫോട്ടോ എടുക്കാൻ അനുവാദം ചോദിച്ചുകൊണ്ട് ആദ്യമായി എം.ടി.യുടെ കോഴിക്കോട് കൊട്ടാരം റോഡിലെ 'സിതാ ര'യിലെത്തി. ഞാൻ ചെന്നപ്പോൾ എം.ടി. ഷർട്ട് ധരിച്ചിരുന്നില്ല. മാതൃഭൂമി പുരസ്കാര വാർത്തയോടൊപ്പം നല്ല ഷർട്ടൊക്കെയിട്ട് പുഞ്ചിരിച്ചു നിൽക്കുന്ന ഒരു എം.ടി. ചിത്രമാണല്ലോ എന്റെ മനസ്സിൽ. ഷർട്ടിട്ടാൽ നന്നായിരുന്നെന്ന് പറഞ്ഞു. ഉടൻ ഒരു ഷർട്ടുമിട്ട് മുടിചീകി വേഗം ഫോട്ടോ എടുത്തോ എന്ന മട്ടിൽ എം.ടി. മുന്നിൽ വന്നുനിന്നു. ഞാൻ രണ്ടുചിത്രം എടുത്തു. പക്ഷേ, ഒരു തൃപ്തിക്കുറവ്. പുഞ്ചിരിക്കുന്ന എം.ടി.യെയാണല്ലോ എനിക്കുവേണ്ടത്. പക്ഷേ, എങ്ങനെ അത് അദ്ദേഹത്തോട് പറയും. മനസ്സിന്റെ തികട്ടൽ കൂടിയപ്പോൾ ഗതികെട്ട് ഞാൻ പറഞ്ഞു: ‘‘സാർ, സാറിന്റെ കുറെ ചിത്രങ്ങൾ ലൈബ്രറിയിലുണ്ട്. അതൊന്നുമല്ലാത്ത നല്ല പ്ലസന്റ് ആയ ഒരു ചിത്രമാണ് വേണ്ടത്." പെട്ടെന്ന് അദ്ദേഹത്തിന്റെ ഭാവംമാറി: "ഹേ മിസ്റ്റർ ഞാൻ ഇങ്ങനെയാണ്" എം.ടി. യുടെ കനത്തശബ്ദം കാതിൽ മുഴങ്ങി. ചിരിക്കാൻ പറഞ്ഞ ഞാൻ കരച്ചിലിന്റെ വക്കിലെത്തി. പക്ഷേ, പിന്മാറാതെ അദ്ദേഹത്തിന്റെ ദേഷ്യമുള്ള ചിത്രങ്ങൾ സങ്കടത്തോടെ പകർത്തി. അങ്ങനെ നിൽക്കുമ്പോഴതാ എം.ടി. പതിയെ പുഞ്ചിരിക്കുന്നു. സങ്കടം സന്തോഷത്തിന് വഴിമാറി എന്റെ ഫ്ളാഷുകൾ തുടരെത്തുടരെ മിന്നി. സത്യത്തിൽ ആ പുഞ്ചിരി എനിക്കുവേണ്ടിമാത്രം ആയിരുന്നല്ലോ.

ആ ചിത്രം പിറ്റേന്ന് പുരസ്കാരവാർത്തയോടൊപ്പം പത്രത്തിന്റെ ഒന്നാംപേജിൽ അച്ചടിച്ചുവന്നു. പിന്നീട് എത്രയോ അവാർഡുകളിലും എം.ടി. പുസ്തകങ്ങളിലും ആ ചിരിക്കുന്ന ചിത്രം പ്രിന്റ് ചെയ്തുവന്നു. അതു കാണുമ്പോഴൊക്കെയും വെറുതേ എന്റെ ഉള്ളിലൊരിളം പുഞ്ചിരിനിറയും.

ആ ഫോട്ടോയെടുപ്പിൽ പിന്നെയായിരുന്നു എം.ടി. എന്ന ആ മഹാമനുഷ്യനെ കൂടുതൽ ശ്രദ്ധയോടെ വീക്ഷിക്കാൻ തുടങ്ങിയത്. 2006-ലെ മുഷ്താഖ് സ്പോർട്സ് ഫോട്ടോഗ്രാഫി പുരസ്കാരം എനിക്ക് എം.ടി. സമ്മാനിച്ചത് ചിരിച്ചുകൊണ്ടുതന്നെയായിരുന്നു.

1994 മുതൽ എം.ടി.യുടെ ചിത്രങ്ങൾ എടുക്കുന്നുണ്ടെങ്കിലും 1995-ൽ കഥകളി ആചാര്യൻ രാമൻകുട്ടിനായരുടെ സപ്തതിക്ക് എം.ടി.ക്കും സരസ്വതിടീച്ചർക്കും മകൾ അശ്വതിക്കുമൊപ്പം വെള്ളിനേഴിയിലേക്ക് ജീപ്പിൽ യാത്രചെയ്തതും രാമൻകുട്ടിനായരോടൊപ്പം പൊട്ടിച്ചിരിക്കുന്ന ചിത്രമെടുത്തതും ഓർമ്മയിൽ മിഴിവോടെ നിൽക്കുന്നു.

വർഷങ്ങൾ കഴിഞ്ഞു, എന്റെ തൊട്ടടുത്തുള്ള കൈയെത്തും ദൂരത്തുള്ള അല്ലെങ്കിൽ ഒരു വിളിപ്പാടകലെയുള്ള ആ മഹാപ്രതിഭയെ ഡോക്യുമെന്റ് ചെയ്തില്ലെങ്കിൽ ഞാനെന്നോടുതന്നെ ചെയ്യുന്ന നീതികേടാവുമെന്ന് മനസ്സ് പറയാറുണ്ടായിരുന്നു. അങ്ങനെ 2017-ൽ അദ്ദേഹത്തിന്റെ 84-ാം പിറന്നാളിൽ എം.ടി. ചിത്രങ്ങളുടെമാത്രം ഒരു ഫോട്ടോ പ്രദർശനം നടത്താനുള്ള ആഗ്രഹം അദ്ദേഹത്തെ അറിയിച്ചു. 'അത്രയും ചിത്രങ്ങൾ ഉണ്ടോ' എന്നായിരുന്നു മറുചോദ്യം. ഞാനെടുത്ത, പ്രദർശനത്തിന് വെക്കാവുന്ന ചിത്രങ്ങളെല്ലാം ലാപ്ടോപ്പിലാക്കി അദ്ദേഹത്തിന് കാണിച്ചുകൊടുത്തു. ഏതെങ്കിലും ചിത്രം ഒഴിവാക്കണോയെന്നും ചോദിച്ചു. എല്ലാ ചിത്രങ്ങളും അദ്ദേഹത്തിന് ഇഷ്ടമായി. അങ്ങനെ 'എം.ടി. കാലം-സുകൃതം' എന്ന പേരിൽ ആയിരം പൂർണചന്ദ്രന്മാരെക്കണ്ട് ശതാഭിഷിക്തനായ എം.ടി.യുടെ 84-ാം പിറന്നാളിൽ കോഴിക്കോട് ലളിതകലാ അക്കാദമി ഹാളിൽ കെ. ജയകുമാർ പ്രദർശനം ഉദ്ഘാടനം ചെയ്തു. പ്രദർശനത്തിന്റെ അവസാനദിവസം ചിത്രങ്ങൾ കാണാൻ എം.ടി.യുമെത്തി. 115 ചിത്രങ്ങളും കണ്ടു മടങ്ങുമ്പോൾ സന്ദർശകപുസ്തകത്തിൽ എം.ടി. ഇങ്ങനെ കുറിച്ചു: 'മറന്നുപോയ ചില ജീവിതനിമിഷങ്ങളെ വീണ്ടും മനസ്സിലെത്തിച്ച സന്തോഷിന് സ്നേഹം, സന്തോഷം, നന്ദി.' എന്റെ മനസ്സിലും സന്തോഷം നിറഞ്ഞു, ഒപ്പം നന്ദിയും.

> അങ്ങനെ നിൽക്കുമ്പോഴതാ എം.ടി. പതിയേ പുഞ്ചിരിക്കുന്നു. സങ്കടം സന്തോഷത്തിനു വഴിമാറി എന്റെ ഫ്ളാഷുകൾ തുടരെത്തുടരെ മിന്നി. സത്യത്തിൽ ആ പുഞ്ചിരി എനിക്കുവേണ്ടിമാത്രം ആയിരുന്നല്ലോ

2022-ൽ എം.ടി.യുടെ നവതി ആഘോഷത്തിൽ തിരൂർ തുഞ്ചൻപറമ്പിലും കോഴിക്കോട് ആർട്ട് ഗാലറിയിലും ഇതേപേരിൽ ഫോട്ടോ പ്രദർശനം നടത്തി.

പിന്നീട് എം.ടി. ജനിച്ചുവളർന്ന കൂടല്ലൂരിലും മാടത്ത് തെക്കേപ്പാട്ട് തറവാട്ടിലും കുടുംബക്ഷേത്രമായ കൊടിക്കുന്നത്തുകാവിലും മണലാരണ്യമായി മാറിയ നിളാ നദിക്കരികിലും ചെറുപ്പത്തിൽ പഠിച്ച കുമരനെല്ലൂർ ഹയർ സെക്കൻഡറി സ്കൂളിലും എം.ടി.യുടെ സന്ദർശനവേളകളിൽ ചിത്രങ്ങളെടുക്കാൻ എനിക്ക് ഭാഗ്യമുണ്ടായി.

പലപ്പോഴും അദ്ദേഹവുമായി അടുത്ത കൂടിക്കാഴ്ചകൾക്കും സംസാരങ്ങൾക്കും അവസരങ്ങളുണ്ടായി. പഴയ കാലത്തെ പല അനുഭവങ്ങളും വിവരിക്കുമ്പോൾ എനിക്ക് എന്റെ അച്ഛന്റെ വാക്കുകളുമായി വളരെസാമ്യം തോന്നും. അഞ്ചുവർഷം മുൻപ് ആൻജിയോപ്ലാസ്റ്റി കഴിഞ്ഞ് ഞാൻ ഒരു മാസം ലീവിലായിരുന്നപ്പോൾ പലരും വഴി എന്റെ അസുഖത്തെക്കുറിച്ച് അദ്ദേഹം അറിഞ്ഞിരുന്നു. ലീവ് കഴിഞ്ഞ് വീണ്ടും ഞാൻ ജോലിയിൽ പ്രവേശിച്ചത് നിയമസഭാ തിരഞ്ഞെടുപ്പിന്റെ പോളിങ് ദിവസം. അന്ന് വോട്ടുചെയ്യാൻ കാറിൽ വന്നിറങ്ങിയ എം.ടി. ചുറ്റും വീക്ഷിച്ചു. പത്രക്കാർക്കിടയിൽ എന്നെ കണ്ട അദ്ദേഹം മാടിവിളിച്ചു. അടുത്തുചെന്നപ്പോൾ സ്നേഹത്തോടെ ഒരു വാക്കുമാത്രം ചോദിച്ചു: "എങ്ങനെയുണ്ട്" ആ ചോദ്യത്തിൽ എല്ലാം ഉണ്ടായിരുന്നല്ലോ.

*മുപ്പതു വർഷത്തോളം എം.ടി. യെ പിന്തുടർന്ന് ചിത്രങ്ങൾ പകർത്തിയ മാതൃഭൂമി ഫോട്ടോഗ്രാഫറാണ് കെ.കെ. സന്തോഷ്*



ഒരുപക്ഷേ, ഇതായിരിക്കും മരണം. പക്ഷേ, മരണം സുഖകരമാണ്, ശരീരം അണുക്കളായി അപ്രത്യക്ഷമാകുന്ന അവസ്ഥയാണ് മരണമെങ്കിൽ -
**(ആൾക്കൂട്ടത്തിൽ തനിയെ)**











വി.ആർ. സുധീഷ്

# കോഴിക്കോടിന്റെ എം.ടി.

*മൗനത്തിന്റെ സംഗീതകല ജീവിതത്തിലും എഴുത്തിലും ഒരുപോലെ സാധിച്ചെടുത്ത എഴുത്തുകാരനാണ് എം.ടി.*

നമ്മുടെ വലിയ എഴുത്തുകാർ കഴിഞ്ഞ നഗരമാണ് കോഴിക്കോട്. ബഷീർ, പൊറ്റെക്കാട്ട്, ഉറൂബ്, പട്ടത്തുവിള കരുണാകരൻ, പി. ഭാസ്കരൻ, തിക്കോടിയൻ. അങ്ങനെയുള്ള ഒരു തലമുറയുടെ ഒടുവിലത്തെ കണ്ണിയായിരുന്നു എം.ടി. വാസുദേവൻനായർ. സാഹിത്യത്തിലെ ഇത്രയും മഹാരഥന്മാർ ഒരുമിച്ച ഒരു നഗരം കേരളത്തിലില്ല. വലിയ എഴുത്തുകാർ എന്ന അർഥത്തിൽ. മാതൃഭൂമിയും ആകാശവാണിയും അതിന് വലിയ പങ്കുവഹിച്ചിട്ടുണ്ട്. വൈകുന്നേരങ്ങളിൽ ഇവരൊക്കെ ഒത്തുകൂടാറുണ്ടായിരുന്നു. മാതൃഭൂമിയിൽനിന്നും ആകാശവാണിയിൽനിന്നുമെല്ലാമിറങ്ങി ഹോട്ടലിലോ മിഠായിത്തെരുവിന്റെ മൂലയിലോ ഒത്തുകൂടുന്ന ശീലമായിരുന്നു അക്കാലത്ത്. അങ്ങനെയുള്ള ഒരു സൗഹൃദത്തിലൂടെ മുതിർന്ന ആളാണ് എം.ടി. മാതൃഭൂമിയിൽ സബ് എഡിറ്റർ തസ്തികയിൽ അപേക്ഷ അയച്ചു. ഇന്റർവ്യൂവിന് വിളിച്ചപ്പോൾ ചെറുപ്പക്കാരനായ എം.ടി. ചെല്ലുകയാണ്. ഇരുപത്തിയൊന്നോ ഇരുപത്തിരണ്ടോ വയസ്സ് കാണും. കെ.പി. കേശവമേനോൻ ആണ് അദ്ദേഹത്തെ ഇന്റർവ്യൂ ചെയ്തത്. ആഴ്ചപ്പതിപ്പിന്റെ ചുമതല വഹിക്കുന്ന എൻ.വി. കൃഷ്ണവാരിയരെ സഹായിക്കാമോ എന്നായിരുന്നു കേശവമേനോൻ ചോദിച്ചത്. ശ്രമിക്കാമെന്നു പറഞ്ഞു. അങ്ങനെ ആഴ്ചപ്പതിപ്പിന്റെ സബ് എഡിറ്ററായി. മലയാളം കണ്ട മികച്ച പത്രാധിപരിൽ ഒരാളാണ് എം.ടി.

തന്റെ ഭാവുകത്വത്തിന് ഇണങ്ങുന്ന തരത്തിലുള്ള രചനകൾ മാത്രമല്ല, പ്രകാശം പ്രസരിപ്പിക്കുന്ന മറ്റുതരത്തിലുള്ള രചനകളും എം.ടി. ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചു. കാല്പനികരെയും ആധുനികരെയും അത്യന്താധുനികരെയും അദ്ദേഹം പ്രോത്സാഹിപ്പിച്ചു. പിന്നീടുള്ള മലയാളത്തിലെ പ്രമുഖ എഴുത്തുകാരെയെല്ലാം കണ്ടെത്തുന്നതിൽ അദ്ദേഹം നിമിത്തമായി. സമഗ്രതയുള്ള എഴുത്തുകാരനായിരുന്നു എം.ടി. കഥയും നോവലും കവിതയും നിരൂപണവും നാടകവും ഓർമ്മക്കുറിപ്പുകളും എല്ലാം എഴുതാൻ സിദ്ധിയും മനസ്സും കാണിക്കുന്ന എഴുത്തുകാരെയാണ് നമ്മൾ സമഗ്ര കലാകാരന്മാരായി കാണുന്നത്. അറിവിലേക്കുള്ള സാഹസികമായ തീർഥാടനമായിട്ടാണ് എഴുത്തുകാരൻ എന്ന നിലയിൽ തന്റെ ജീവിതത്തെ എം.ടി. കണ്ടത്. തിരക്കുപിടിച്ച ജീവിതത്തിനിടയിലും ലോകത്തിന്റെ പലഭാഗങ്ങളിലുള്ള ഭാഷകളിലെ മുന്തിയ കൃതികൾ അദ്ദേഹം വായിച്ചു. മർക്കേസിനെ ആദ്യമായി വായിച്ച മലയാളി എം.ടി.യാണ്. കഥയിലും നോവലിലും തിരക്കഥയിലുമെല്ലാം എം.ടി. ഒരു പുതിയ ഭാഷ കൊണ്ടുവന്നു. ഭാവനയുടെ അപരിചിതലോകങ്ങൾ കണ്ടെത്താൻ അദ്ദേഹം നടത്തിയ ശ്രമങ്ങളൊക്കെ വിജയിച്ചു. ഡാർ എസ് സലാം, വാനപ്രസ്ഥം, ഷെർലക് എന്നിങ്ങനെയുള്ള കഥകളിൽ, മഞ്ഞ്, രണ്ടാമൂഴം, വാരാണസി എന്നീ നോവലുകളിൽ, ഒരു വടക്കൻ വീരഗാഥ, പരിണയം, വൈശാലി എന്നീ തിരക്കഥകളിൽ ആ അനന്വയമാർന്ന കൈമുദ്ര കാണാം.




മലയാളഭാഷയിലെ വാക്കുകളുടെ ധ്വനിമയകാന്തി എന്താണെന്ന് കൃത്യമായി അറിഞ്ഞ കഥാകാരനും. മനുഷ്യജീവിതത്തിലെ സങ്കീർണസമസ്യകളോട് സമരസപ്പെട്ടു പോവാനും ജീവിതത്തെ സ്നേഹിക്കാനും വിശ്വസിക്കാനും പ്രചോദിപ്പിക്കുന്ന തരത്തിലുള്ള രചനകളാണ് അദ്ദേഹം ഭാഷയ്ക്കു നൽകിയത്. അനുഗ്രഹീതനായ, ഭാഗ്യംസിദ്ധിച്ച ശില്പി എന്നു പറയാം. ഒരിക്കൽ മരണത്തെ മുഖാമുഖം കണ്ട് ആ ഇരുൾക്കയത്തിനിന്ന് തിരിച്ചുവന്ന് അതിസാഹസികമായ സാഹിത്യസഞ്ചാരം നടത്തിയൊരാൾ. എഴുത്തുജീവിതത്തിൽ അദ്ദേഹം കോലാഹലങ്ങൾ ഒന്നുമുണ്ടാക്കിയില്ല. ആ സാഹിത്യവും എഴുത്തും നമ്മുടെ ആത്മാവിനെ തൊടുന്നു. അതാണ് എം.ടി.മാനിയ.

ഒരു ചങ്ങമ്പുഴക്കാലത്തിലെന്നപോലെ നാം എം.ടി.കാലത്തിലും ജീവിച്ചു. ചങ്ങമ്പുഴയ്ക്ക് അന്നു കിട്ടിയ ജനപ്രീതിതന്നെയാണ് പിൽക്കാലത്ത് എം.ടി. ക്കും ലഭിച്ചത്. ചങ്ങമ്പുഴ വാർധക്യത്തോളം തുടർന്നിരുന്നെങ്കിൽ ആ പ്രീതിയൊക്കെ മങ്ങലേറ്റു പോവുമായിരുന്നു. തുടക്കംതൊട്ടേ തന്റെ യശസ്സിന്റെയും എഴുത്തുകാരൻ എന്ന നിലയിൽ ആന്തരികജീവിതത്തിന്റെയും ശക്തിസൗന്ദര്യം സുഭദ്രമായി എം.ടി. കാത്തുസൂക്ഷിച്ചു. ഭാവിയിൽ തലമുറകൾ നിരന്തരം വായിക്കുന്ന സാഹിത്യകൃതികൾ സമ്മാനിച്ച ഉറൂബും ബഷീറും എം.ടി.യും ഈ നഗരത്തിലാണ് ജീവിച്ചത് എന്നോർത്ത് നമുക്ക് നിരന്തരം അഭിമാനിച്ച് ആനന്ദിക്കാം.



പന്തീരാണ്ടിനുശേഷം ഞാൻ ലീലയെപ്പറ്റി ഓർത്തുപോയി.
പ്രിയപ്പെട്ട സഹോദരീ നാഴികകൾക്കപ്പുറത്തുനിന്നു
ഞാൻ മംഗളം നേരുന്നു. നിന്റെ ഓർമ്മയ്ക്കുവേണ്ടി ഞാനിതുകുറിക്കട്ടെ
**(നിന്റെ ഓർമ്മയ്ക്ക്)**





# കള്ളപ്പൊന്ന് കച്ചവടമോ 'അറബിപ്പൊന്ന്' നോവലോ...?

കെ.കെ. അജിത് കുമാർ

എം.ടി.യും എൻ.പി. മുഹമ്മദും ചേർന്ന് 'അറബിപ്പൊന്ന്' എന്ന നോവലെഴുതുന്നതിനുവേണ്ടി നടത്തിയ ഒരുക്കങ്ങളിൽ രസകരമായ ഒരു കഥയുണ്ട്. അവരുടെ ഹൃദ്യസൗഹൃദത്തിന്റെ സുഗന്ധംപരത്തുന്ന ഒട്ടേറെ മുഹൂർത്തങ്ങളുണ്ട് ആ കഥയിൽ. അറബിപ്പൊന്ന് കച്ചവടത്തിൽ ഇടനിലക്കാരായി പണമുണ്ടാക്കാൻ ശ്രമിച്ചാലോ എന്നൊരാലോചനവരെ അന്ന് നടത്തിയിരുന്നെന്ന് ആമുഖത്തിൽ എം.ടി.തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. കള്ളപ്പൊന്ന് കച്ചവടത്തിന്റെ ഏജന്റുമാരിൽ ചിലരുമായി ചർച്ചനടത്തിയെങ്കിലും പണത്തിന്റെ പ്രലോഭനത്തെ അതിജീവിച്ച് താൻ അതിനു തയ്യാറല്ലെന്നു പറഞ്ഞതോടെ ചർച്ചയ്ക്കെത്തിയവർ ഒന്നും സംഭവിക്കാതെ പിരിഞ്ഞുപോകുകയാണുണ്ടായത്.

കോഴിക്കോട്ടെ അറബിപ്പൊന്ന് കച്ചവടത്തിലെ കാണാക്കഥകൾ ആവിഷ്കരിച്ച നോവലെഴുതുന്നതിനുമുൻപാണ് എഴുത്തുകാർ അതിന് ഇടനിലക്കാരാകാൻ ശ്രമിച്ചത്. എം.ടി.യുടെ വാക്കുകൾ ഇങ്ങനെ: ''അറബിപ്പൊന്നിനെപ്പറ്റി നോവലെഴുതുകയായിരുന്നില്ല ആദ്യത്തെ ഉദ്ദേശ്യം. വ്യാപാരം നടത്തി പണമുണ്ടാക്കുകയായിരുന്നു. ഒരു നോവലെഴുതുന്നതിനു വേണ്ടതിലുമധികം ബുദ്ധിയും പ്രതിഭയും ധൈര്യവും അതിനാവശ്യമുണ്ടെന്നു പിന്നീടാണെനിക്കു മനസ്സിലായത്.''

എൻ.പി. മുഹമ്മദാണ് നിത്യവും അറബിപ്പൊന്നിനെക്കുറിച്ചുള്ള കഥകൾ എം.ടി.യും എം.വി. ദേവനും പട്ടത്തുവിള കരുണാകരനുമൊക്കെ ഉൾപ്പെടുന്ന സായാഹ്നസൗഹൃദസദസ്സിലേക്കെത്തിക്കാറ്. തെക്കേപ്പുറത്ത് താമസിച്ചിരുന്ന അദ്ദേഹത്തിന് ഈ കഥകൾ ധാരാളമായി ലഭിക്കാറുണ്ടായിരുന്നെന്ന് എൻ.പി.യുടെ മകൻ എൻ.പി. ഹാഫിസ് മുഹമ്മദ് പറയുന്നു.

# കരുത്തുപകർന്ന സ്ത്രീ സൗഹൃദങ്ങൾ



രജി ആർ. നായർ

ഓരത്തോ ചാരത്തോ മറുകരയിലോ നിൽക്കുന്ന എമ്പാടും സ്ത്രീകളുണ്ട് എം.ടി.യുടെ എഴുത്തിൽ. എന്നാൽ, അവരാരും ജീവിതത്തിന്റെ പകർത്തിയെഴുത്തുകളാണെന്ന് എം.ടി. പറയാറില്ല; അക്ഷരങ്ങളിലുള്ളതിലേറെ അദ്ദേഹത്തിന്റെ ആത്മാവിൽ അവരുണ്ട്. നല്ലൊരു പെൺസുഹൃത്തുണ്ടായിട്ടുണ്ടോ എന്നുചോദിച്ചപ്പോൾ അദ്ദേഹം ഒരിക്കൽ പറഞ്ഞു: "ഓരോ കാലത്തുമുണ്ടായിട്ടുണ്ട്. ഒന്നൊന്നുമല്ല. പലരും. ഇപ്പോഴും നമ്മളുമായി വളരെ സ്നേഹം കൊണ്ടുനടക്കുന്നവരുണ്ട്. പലേ ദിക്കിലായിട്ട്. ഇന്ത്യയുടെ പല ഭാഗത്തായിട്ട്.

അഞ്ചു മിനിറ്റ് അവർ ഫോണിൽ സംസാരിക്കുമ്പോൾ ഒരു സന്തോഷമാണ്. വാത്സല്യം എന്നോ, പ്രേമം എന്നോ എന്താ അതിനെ വിളിക്കേണ്ടതെന്നറിയില്ല. അതിലൊന്നും കാമത്തിന്റെ അംശമില്ല. നമ്മൾ ജോലിചെയ്യാതിരിക്കുമ്പോൾ ഇങ്ങനെയിരുന്നാപ്പോരാ, നീ ഇങ്ങോട്ടു വാ, കുറച്ചുദിവസം ഇവിടെ നിൽക്ക് എന്നൊക്കെ പറഞ്ഞ് സമാധാനിപ്പിക്കും. നമുക്ക് ഇല്ലാത്ത പലതും ഉണ്ടാക്കിത്തീർക്കുന്നവരാണ് അവരൊക്കെ.

> അഞ്ചു മിനിറ്റ് അവർ ഫോണിൽ സംസാരിക്കുമ്പോൾ ഒരു സന്തോഷമാണ്. വാത്സല്യം എന്നോ, പ്രേമം എന്നോ എന്താ അതിനെ വിളിക്കേണ്ടതെന്നറിയില്ല. അതിലൊന്നും കാമത്തിന്റെ അംശമില്ല

കോളേജിൽ പഠിക്കുന്ന കാലത്ത് പല പെൺകുട്ടികളുമായിട്ടും അടുപ്പമുണ്ടായിരുന്നു. അടുപ്പം എന്നു പറഞ്ഞാല് ചിലർക്ക് എന്നോടൊരു സ്വാതന്ത്ര്യമുണ്ടായിരുന്നു. ക്ലാസിലൊക്കെ, അങ്ങോട്ടും ഇങ്ങോട്ടും നോക്കി ട്യൂട്ടറ് കാണാതെ, വാസുദേവൻ ഇതൊന്ന് ശരിയാക്കിത്തരുമോന്ന് ചോദിച്ച് കടലാസൊക്കെ നമ്മുടെ മുന്നില് കൊണ്ടിടാനുള്ള ഒരു സ്വാതന്ത്ര്യം.

അന്നൊക്കെ കണ്ട് സംസാരിക്കൽ വളരെ അപൂർവമാണ്. ഹോസ്റ്റലിന്റെ പടിക്കലൂടെയൊക്കെ കടന്നുപോവുമ്പോൾ ചിലര് അവിടെ നിൽക്കുന്നുണ്ടാവും കാണുന്നുണ്ടാവും എന്നറിയാം. അതിൽക്കവിഞ്ഞ് വളരെ ക്ലോസാവാനുള്ള, ഇന്റിമേറ്റാവാനുള്ള അവസരങ്ങളൊന്നും ഉണ്ടായിരുന്നില്ല.

എന്റെ അമ്മ, വീട്ടിൽ മൂത്തതായിരുന്നു. അമ്മ കുടുംബത്തിന്റെ എല്ലാ ഭാരവും ചുമന്നു. പുറത്തേക്കു കാണിക്കാതെയുള്ള ഒരുതരം സഹനം. അമ്മ അമ്പലത്തിൽ പോയിട്ട് ഞാൻ കണ്ടിട്ടില്ല. കുട്ടികളെ ലാളിക്കാറുമില്ല. കുടുംബം എങ്ങനെ നടന്നുപോകുന്നു എന്നതിലായിരുന്നു ശ്രദ്ധ.

ഞങ്ങളുടെ വീടിന്റെ ഭാഗംവെപ്പ് നടക്കുകയായിരുന്നു. ഞങ്ങൾ നാലാൺമക്കൾ. എന്റെ അമ്മ പറഞ്ഞു: "നാലല്ല. അഞ്ച്. ചെറിയമ്മയ്ക്ക് ഒരു മകളുണ്ട്. ഈ നാല് ആൺകുട്ടികൾ എങ്ങനെയെങ്കിലും കഴിഞ്ഞോളും. അവിടെയൊരു പെണ്ണുണ്ട്. അതുകൊണ്ട്, നാലല്ല, അഞ്ച്." അങ്ങനെ ഒരു ഭാഗംതന്നെ അവർക്ക് കൊടുക്കുകയാണ്. അതായിരുന്നു അമ്മ.

കേട്ടിരിക്കുമ്പോൾ ഒന്നു മനസ്സിലാകും സ്ത്രീകളിലൂടെ സ്നേഹത്തോടെ കടന്നുപോയൊരു കാലമാണ് എം.ടി. അവരെല്ലാം ഇപ്പോഴും അവിടെയുണ്ട്; മാഞ്ഞുപോയിട്ടില്ല. മറന്നിട്ടുമില്ല.





# ഓർമ്മയിൽ ആ സൗഹൃദത്തെളിച്ചം...

എബി പി. ജോയി

"വെട്ടെന്ന് ശുണ്ഠിപിടിക്കും. കുറെനേരത്തേക്ക് ആ ദേഷ്യം തുടരും. പിന്നെ പൂർവാധികം സ്നേഹം കാണിക്കും." -എം.ടി.യുടെ രീതി ഇതായിരുന്നു. പ്രിയമിത്രമായും സഹായിയായുമൊക്കെ എം.ടി.യുടെ മനസ്സിൽ ഇടംനേടിയ 'മാതൃഭൂമി' മുൻ ലെയ്സൺ ഓഫീസർ എൻ. ശ്രീനിവാസൻ പറയുന്നു. ഇവരുടെ സൗഹൃദക്കൂട്ടായ്മയുടെ കെമിസ്ട്രി രസകരമായിരുന്നു. ഓരോരോ കാര്യങ്ങൾ എം.ടി.യെക്കൊണ്ട് സമ്മതിപ്പിക്കാൻ ശ്രീനിവാസേട്ടന്റെ തഴുകിത്തലോടലും തോളിൽത്തട്ടലുമൊക്കെ ധാരാളമായിരുന്നു. ചിരിയിൽ പിശുക്കുള്ള സാഹിത്യനായകനെ ശ്രീനിവാസൻ പൊട്ടിച്ചിരിപ്പിക്കും.

ഇങ്ങനെയൊക്കെയുള്ള ശ്രീനിവാസനോട് ഒരിക്കൽ എം.ടി. വല്ലാതെ കോപിച്ചു. താക്കീതുചെയ്തു. "തന്നെ കത്തിയെടുത്ത് കുത്തിയാൽ എന്നോട് ചോദിക്കാനും പറയാനുമാരുമില്ല. ഓർമ്മവേണം" -എന്നുപറഞ്ഞു. സംഭവം ഇങ്ങനെ: കെ.പി. കേശവമേനോന്റെ മകളുടെ മകൾ നളിനിയുടെ മകൾ ശോഭയുടെ കല്യാണം. ഗംഭീര പന്തലൊരുക്കുന്നതിൽമുതൽ ഓരോ കാര്യത്തിലും എം.ടി.യുടെ മേൽനോട്ടം. ടാഗോർ ഹാൾ മുറ്റത്തായിരുന്നു പന്തൽ. പെട്ടെന്ന് എം.ടി.യെ കാണാനില്ല. എല്ലാവരും ശ്രീനിവാസനോട് ചോദിച്ചു. "കടൽത്തീരത്തെങ്ങാനും ബീഡിയും പുകച്ച് കുത്തിയിരിക്കുന്നുണ്ടാവും" -എന്ന് മറുപടി. ഇത് എങ്ങനെയോ എം.ടി.യുടെ ചെവിയിലെത്തി. പിണക്കത്തിന് വേറെ കാരണം വേണ്ടല്ലോ. എം.ടി.യുടെ ഭാര്യ പ്രമീള ഇടപെട്ടാണ് ആ കലഹം രാജിയാക്കിയത്.

എം.ടി. മാതൃഭൂമിയിലെത്തിയ കാലംമുതൽ ആരംഭിച്ച ഊഷ്മള ബന്ധം കാലത്തിനൊപ്പം വളർന്നു. കേശവമേനോന്റെ മുറിക്കടുത്തായിരുന്നു എം.ടി.യുടെ മുറി. ഒഴിവുനേരങ്ങളിൽ ശ്രീനിവാസനുമായി സൊറപറഞ്ഞിരിക്കും. അധികം വർത്തമാനംപറയാത്ത എം.ടി. ശ്രീനിവാസനുമായി ഏറെനേരം സംസാരിച്ചിരിക്കുന്നതുകണ്ട് പലരും അദ്ഭുതപ്പെടാറുണ്ട്. സംഭാഷണങ്ങൾക്കിടയിൽപ്പോലും ഏറെനേരം ചിന്തിച്ചിരിക്കും. പെട്ടെന്ന് ഏകാകിയായപോലെതോന്നും.

ഒരിക്കൽ മാതൃഭൂമി മാനേജിങ് ഡയറക്ടർ എം.പി. വീരേന്ദ്രകുമാറിനൊപ്പം ശ്രീനിവാസൻ എം.ടി.യുടെ വസതിയിലെത്തി. ശ്രീനിവാസൻ ആ വീട്ടിൽ പുലർത്തുന്ന അടുപ്പം എം.പി. വീരേന്ദ്രകുമാറിനെപ്പോലും അതിശയിപ്പിച്ചു. ശ്രീനിവാസൻ വാർധക്യത്തിലെത്തുംവരെ എം.ടി.യോടൊപ്പം ആശുപത്രിയിലും മറ്റും പോകാറുണ്ടായിരുന്നു. ശുദ്ധമനസ്കനായ, പെട്ടെന്നു ദേഷ്യംപിടിക്കുന്ന, വിദൂരതയിൽ കണ്ണുംനട്ട് ഏറെനേരമിരിക്കുന്ന പ്രിയ സ്നേഹിതനായിമാത്രം മഹാപ്രതിഭയെ കാണാനാണ് എന്നും ശ്രീനിവാസനിഷ്ടം. അതെല്ലാം ഇനി വേദനിപ്പിക്കുന്ന ഓർമ്മ.

















കടം ചോദിച്ച ഒരു സായാഹ്നം
ബാക്കി കിടപ്പുണ്ട്,
മറക്കരുതേ...
**(മഞ്ഞ്, നോവൽ -1964)**





# വൻ വൃക്ഷത്തിനു താഴെ

ശത്രുഘ്നൻ

എം.ടി. വാസുദേവൻ നായർ എന്ന മഹാനായ സാഹിത്യകാരനെ നേരിൽ കാണാൻ കൊതിച്ചുനടന്നിരുന്ന എനിക്ക് പിൽക്കാലത്ത് അദ്ദേഹത്തെ കാണുന്നതിനപ്പുറം ഒരുമിച്ച് ജോലിചെയ്യാനും അദ്ദേഹത്തിന്റെ ശിഷ്യനാവാനും സ്നേഹവാത്സല്യങ്ങളേറ്റുവാങ്ങാനും കഴിഞ്ഞത് മഹാഭാഗ്യം എന്നല്ലാതെ എന്തുപറയാൻ. എം.ടി. യെ കാണാൻ കൊതിച്ചുനടന്ന നാളുകളിലൊന്നിലാണ് യാദൃച്ഛികമായി ഗുരുവായൂരിൽ അദ്ദേഹം പങ്കെടുക്കുന്ന ഒരു പരിപാടിയുടെ നോട്ടീസ് കാണാനിടയായത്. ഏറ്റവും പിറകിൽപ്പോയിനിന്നാണ് ആ കാഴ്ച കണ്ടത്.

പിന്നീട് ഞാൻ എഫ്.എ.സി.ടി. യിൽ ജോലിചെയ്യുന്നകാലത്ത് എം.ടി.യുടെ ജ്യേഷ്ഠൻ ബാലേട്ടനുമായി (എം.ടി.ബി. നായർ) പരിചയപ്പെട്ടു. ഈ പരിചയമാണ് എം.ടി.യിലേക്കെത്തിയത്. അക്കാലത്ത് ഞാൻ ഗോവിന്ദൻകുട്ടിയെന്ന സ്വന്തം പേരിൽ കഥകളെഴുതാറുണ്ടായിരുന്നു. (പിൽക്കാലത്ത് നന്തനാറാണ് ശത്രുഘ്നൻ എന്ന പേരിൽ കഥകളെഴുതാൻ എന്നെ പ്രേരിപ്പിച്ചതും ആ പേരിൽ ഞാൻ എഴുതിയതും) ഒരു ദിവസം അപ്രതീക്ഷിതമായി ബാലേട്ടൻ ചോദിച്ചു: "ഗോവിന്ദൻകുട്ടിക്ക് എം.ടി.യെ കാണണമെന്നുണ്ടോ"

പരിചയപ്പെടണമെന്നുണ്ട് പക്ഷേ, മാതൃഭൂമിയിൽ എന്റെ ഒരു കഥയെങ്കിലും അച്ചടിച്ചു വന്നിട്ടു മതിയെന്ന് ഞാൻ പറഞ്ഞു. അക്കാലത്ത് എം.ടി. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പത്രാധിപരായിരുന്നു. വൈകാതെ 'വഴികൾ നിറങ്ങൾ' എന്നപേരിൽ എന്റെ കഥ മാതൃഭൂമിയിൽ അച്ചടിച്ചുവന്നു. ആ കഥയുടെ പിൻബലത്തോടെ മാതൃഭൂമിയിൽ ഞാൻ എം.ടി. യെ കാണാൻ ചെന്നു. അദ്ദേഹത്തിന്റെ മുറിയിലേക്ക് ചെന്നപ്പോൾ ഇരിക്കാൻ പറഞ്ഞു. "വഴികൾ നിറങ്ങൾ എഴുതിയ ഗോവിന്ദൻ കുട്ടിയാണ് ഞാൻ." എന്നു പരിചയപ്പെടുത്തിയെങ്കിലും അദ്ദേഹം കൂടുതലൊന്നും സംസാരിച്ചില്ല.

പിന്നീട് എന്റെ അടുത്ത സുഹൃത്തായിരുന്ന നോവലിസ്റ്റ് നന്തനാർ മരിച്ചപ്പോൾ അദ്ദേഹം എഴുതിപ്പൂർത്തിയാക്കിയ നോവലുമായാണ് ഞാൻ എം.ടി.യെ കാണുന്നത്. ഒരുനാൾ മാതൃഭൂമി പാലക്കാട് ബ്യൂറോ ചീഫായിരുന്ന കെ.പി. മോഹനന് ടെലിപ്രിന്ററിൽ എം.ടി. ഒരു സന്ദേശമയക്കുകയായിരുന്നു. എത്രയും പെട്ടെന്ന് ഗോവിന്ദൻകുട്ടിയെ നന്തനാരുടെ വീട്ടിലേക്കയക്കുക. അനുഭവങ്ങൾ എന്ന നോവൽ നന്തനാർ എഴുതി പൂർത്തിയാക്കിയിട്ടുണ്ട്. അതു വാങ്ങിച്ച് ഉടൻ മാതൃഭൂമിയിലെത്തിക്കുക എന്നായിരുന്നു സന്ദേശം. അതുപ്രകാരം ഞാൻ ചെയ്തു. അന്ന് എം.ടി. എന്നോട് കുറച്ചുനേരം നന്തനാരെക്കുറിച്ച് സംസാരിച്ചു. പക്ഷേ, ഒരിക്കൽപ്പോലും ചിരിച്ചില്ല. അവിടെത്തുടങ്ങി അദ്ദേഹവുമായുള്ള ബന്ധം. അത് ദൃഢമായത് മാതൃഭൂമിയിൽ ഒപ്പം ജോലിചെയ്തതോടെയാണ്. കുറെക്കാലം മാതൃഭൂമിയിൽ ജോലി ചെയ്ത ശേഷം എം.ടി. ജോലി ഉപേക്ഷിച്ചു. പിന്നീട് അദ്ദേഹം വീണ്ടും ആഴ്ചപ്പതിപ്പിലേക്ക് വരുന്നതായി മാതൃഭൂമിയിലെ വി. രാജഗോപാലിനെ യാദൃച്ഛികമായി കണ്ടപ്പോൾ പറഞ്ഞു. അപ്പോൾത്തന്നെ എം.ടി.യുമൊത്ത് ജോലിചെയ്യണമെന്ന ആഗ്രഹം ഞാൻ പ്രകടിപ്പിച്ചു. ദിവസങ്ങൾക്കുശേഷം ഒരുനാൾ എം.ടി. യെ കണ്ടപ്പോൾ അദ്ദേഹം ചോദിച്ചു: "എനിക്കൊപ്പം വർക്ക് ചെയ്യാൻ താത്പര്യമുണ്ടോ." അതിയായ സന്തോഷത്തോടെ ഞാൻ അതെ എന്നു പറഞ്ഞപ്പോൾ എം.ടി. യുടെ വാക്കുകൾ ഇങ്ങനെയായിരുന്നു: "എങ്കിൽ അടുത്തയാഴ്ച തന്നെ മാതൃഭൂമിയിലേക്ക് വന്നോളൂ" അതിൽപ്പരം ഒരു ആനന്ദമില്ലായിരുന്നു എനിക്ക്. പിന്നീടുള്ള നാളുകളിൽ എം.ടി.യുടെ തണലിലായിരുന്നു എന്റെ ജീവിതം.




# വായനയുടെ ഭൂപടം

ഇ.പി. രാജഗോപാൽ

എം.ടി. വാസുദേവൻ നായരുടെ ധൈഷണികവ്യക്തിത്വത്തിന്റെ രൂപം അറിയാനുള്ള ഒരുവഴി അദ്ദേഹത്തിന്റെ വായനജീവിതം നോക്കുക എന്നതാണ്.

ചരിത്രത്തിൽ വാചികകഥനത്തിന്റെ തുടർച്ചയായി എഴുത്തുവന്നു–കടലാസ് വന്നു– പുസ്തകംവന്നു. എം.ടി.യുടെ കാര്യത്തിലും ക്രമം ഇതുതന്നെ. ബാല്യകാലത്തെപ്പറ്റിയുള്ള എം.ടി.യുടെ നന്നേ ആത്മാർഥമായ ഓർമ്മ പുസ്തകം തേടലിന്റേതാണ്– "ഒഴിവുകാലത്ത് ആറും ആറും പന്ത്രണ്ടു നാഴിക കുന്നുകൾ കയറിയിറങ്ങിയാണ് ഞാൻ വായിക്കാൻ മലയാളപുസ്തകങ്ങൾ കൊണ്ടുവന്നിരുന്നത്. സുപ്രസിദ്ധ കവിയായ അക്കിത്തത്തോട് ചോദിച്ചാലറിയാം അദ്ദേഹത്തിന്റെ വീട്ടിൽ ആഴ്ചയിലൊരിക്കൽ ഞാനെത്താതിരിക്കില്ല." കാഥികന്റെ പണിപ്പുരയിലാണ് ഈ പ്രസ്താവം ആദ്യംവന്നത്.

ഒഴിവുകാലം ഒന്നുംചെയ്യാനില്ലാത്ത കാലമല്ല. സ്കൂളിലെ പഠിപ്പിനെ പൂരിപ്പിക്കുന്ന, അതിനു സമാന്തരമെങ്കിലുമായ, ഒരു പ്രവർത്തനത്തിന് താനായിട്ട്, തനിക്കായിട്ട് തയ്യാറാവുന്ന ഈ കുട്ടി പിൽക്കാലത്ത് കേരളത്തിലെ വായനപ്രേമത്തിന്റെ വൈകാരികപ്രതീകങ്ങളിൽ ഒന്നായിത്തന്നെ സ്ഥാപിതമായിട്ടുണ്ട്. പുസ്തകം തേടിയുള്ള യാത്ര എളുപ്പമല്ല എന്നു പറയാനാണ്, (നാടൻമട്ടിൽ) 'ആറും ആറും പന്ത്രണ്ട് നാഴിക' എന്നുപറയുന്നത്. പുസ്തകത്തോടുള്ള അഭിനിവേശത്തെ, ഒറ്റനോട്ടത്തിൽ വസ്തുതാവിവരണം മാത്രമാണെന്നു തോന്നാവുന്ന, എന്നാൽ അങ്ങനെയല്ലാത്ത, സ്ഥലകാലങ്ങളുടെയും ശരീരചലനങ്ങളുടെയും വസ്തുതാസാക്ഷ്യത്തിന്റെയും അടയാളങ്ങൾ ഉള്ള വ്യത്യസ്തമായ പ്രസ്താവമാണ് ഇത്.

ഈ ഓർമ്മയുമായി ചേർക്കാവുന്ന ഒരുകാര്യം പിൽക്കാലത്ത് 'വായിച്ച് വേദന മായ്ച്ചുകിടന്ന കുട്ടി' എന്ന എം.ടി.യുടെ ആത്മഭാവമുള്ള കുറിപ്പിലുണ്ട്. അത് രോഗമരണങ്ങളെ വായനയുടെ സാഹചര്യത്തിൽ കാണുന്നു.

അടുത്തഘട്ടം: "ബഷീർ, തകഴി, പൊറ്റെക്കാട്ട് മുതൽപേരുടെ പുസ്തകങ്ങളെല്ലാം ഒരു കാഥികനാവാൻ എന്നെ പ്രേരിപ്പിച്ചവയാണ്. പൊറ്റെക്കാട്ടിന്റെ കഥകളാണ് അന്നൊക്കെ ഞാൻ വായിച്ച് ഏറ്റവും രസിച്ചിട്ടുള്ളത്. പക്ഷേ, ഞാൻ സ്നേഹിച്ചത് ബഷീറിന്റെ കഥകളെയാണ്."

ഇംഗ്ലീഷ് കൃതികളും ഇംഗ്ലീഷിൽവന്ന മറ്റു വിദേശഭാഷകളിലെ കൃതികളും എം.ടി.യുടെ ശ്രദ്ധയിൽ വരുന്നുണ്ട്. എം.ടി. 2022 ഓഗസ്റ്റിൽ വായിച്ച പുസ്തകം– ആഫ്രിക്കൻ എഴുത്തുകാരനായ വോൾ സോയിങ്കയുടെ 'ക്രോണിക്കിൾസ് ഫ്രം ദ ലാൻഡ് ഓഫ് ദ ഹാപ്പിയസ്റ്റ് പീപ്പിൾ ഓൺ എർത്ത്' ആണ്.

വായനക്കാരൻ മാത്രമായ ഒരാൾ വായിക്കുന്നതുപോലെയല്ല എഴുത്താളിന്റെ വായന. വായനക്കാരൻ മാത്രമായ ഒരാൾ ഒരു പുസ്തകത്തിൽനിന്ന് മറ്റൊരു പുസ്തകത്തിലേക്ക് പോവുകയും സ്വന്തം സാംസ്കാരികധാരണകൾ വലുതാക്കിക്കൊണ്ടിരിക്കുകയും ചെയ്യും. എഴുത്താൾകൂടിയായ ഒരാൾ ഈ പ്രക്രിയയിലൂടെ കടന്നുപോകവേ രചനാത്മകമായ തീരുമാനങ്ങളെടുക്കാൻ സ്വയം തയ്യാറെടുക്കുകയും ചെയ്യുന്നു.

ഈ ലോകായനം എം.ടി.യുടെ സാഹിത്യമെഴുത്തിനെ മാത്രമല്ല, വിമർശനശീലത്തെയും മാറ്റിത്തീർക്കുന്നുണ്ട്. രാജലക്ഷ്മിയുടെ അകാലനിര്യാണത്തെത്തുടർന്ന് എഴുതിയ പ്രബന്ധത്തിൽ (ഏകാന്തപഥിക–1963) വായനയുടെ വിമർശനാത്മകമായ ഫലങ്ങളുടെ തെളിവുണ്ട്. ആ കഥാകാരിയുടെ സർഗമനസ്സിനെ വ്യക്തിപരമായ, ഒരാളുടേതുമാത്രമായ ഒന്നായിക്കാണുന്നതിലുള്ള തെറ്റ് വെളിപ്പെടുത്തുന്നു; ആ മനോഭാവത്തിന്റെ ദാർശനികമായ മാനം കാണാതെപോകരുത് എന്ന് ഓർമ്മിപ്പിക്കുന്നു.

> മലയാളത്തിലെ രചനകളിൽനിന്നാണ് എം.ടി. വായനതുടങ്ങുന്നത്. അമേരിക്കൻ ഇംഗ്ലീഷ്, റഷ്യൻ, ഫ്രഞ്ച് സാഹിത്യങ്ങളിലെ രചനകൾ (പ്രധാനമായും കഥ, നോവൽ, ജീവിതകഥ) നോക്കുന്നതാണ് അടുത്തഘട്ടം. ലാറ്റിനമേരിക്കൻ ആഖ്യാനസാഹിത്യം ആദ്യമായി ശ്രദ്ധിച്ച മലയാളികളിൽ ഒരാൾ എം.ടി.യാണ്

ഇന്ത്യൻ ചെറുകഥകളെക്കുറിച്ച് എം.ടി. പറയാറുണ്ട്. ഭാരതീയകഥകളിൽ പലതും മലയാളത്തിൽ വരുന്നില്ല; മികച്ച കഥാകാരന്മാർ ഇന്ത്യയിലുണ്ട്. പ്രേംചന്ദും ടാഗോറും ലോകനിലവാരത്തിൽ എഴുതി. ഫണീശ്വർനാഥ് രേണു, സാദത്ത് ഹസ്സൻ മന്തോ, സുനിൽ ഗംഗോപാധ്യായ, യു.ആർ. അനന്തമൂർത്തി, യശ്വന്ത് ചിത്താൾ എന്നീ പേരുകൾകൂടി എം.ടി. പറയുന്നുണ്ട്.

സാഹിത്യത്തെ സാഹിത്യമായിത്തന്നെ അളക്കാൻ ശാഠ്യംപിടിക്കാത്ത ഉണർന്ന വായനക്കാരനാണ് എം.ടി; വായന സാമൂഹികപ്രവർത്തനമാണ്, വായനക്കാരുടെ കണ്ണുകൾ സാംസ്കാരികാവയവങ്ങളാണ് തുടങ്ങിയ ധാരണകൾ എം.ടി.ക്കുണ്ട്.

മാതൃഭൂമി ആഴ്ചപ്പതിപ്പുപോലുള്ള ഒരു പ്രസിദ്ധീകരണത്തിന്റെ എഡിറ്റർ എന്നനിലയിൽ അനേകായിരം ചെറുകഥകളും ലേഖനങ്ങളും ഒട്ടേറെ ആത്മകഥകളും ജീവചരിത്രങ്ങളും നോവലുകളും വായിച്ച ഒരാളാണ് എം.ടി. ആ നിലയിലും എം.ടി. കൂടുതൽ സമകാലികനാവുന്നുണ്ട്.

വായിച്ചതിന്റെ ഓർമ്മ അദ്ദേഹത്തിൽ നല്ലവണ്ണമുണ്ട്. സ്വന്തമായ എഴുത്ത് കുറയുന്നഘട്ടത്തിലും എം.ടി.യെ ഉഷാറാക്കിയത്, പുതിയ വായനകൾക്കൊപ്പം, ഓർമ്മയിലൂടെ കിട്ടുന്ന ഈ സാംസ്കാരിക പങ്കാളിത്തമാണ്.